പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2234 11.03.2020-ൽ മറുപടിക്ക്

## അഷറഫ് കാളിയത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | മറുപടി<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| തൃശ്ശൂർ അഡാട്ട് ഫാർമേഴ്സ് ബാങ്കിൽ നിന്നും എടുത്ത വായ്പാ കുടിശ്ശിക തീർക്കുന്നത് സംബന്ധിച്ച് അഷറഫ് കാളിയത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ സഹകരണ വകുപ്പുമന്ത്രിയുടെ 8.3.2019 ലെ 7749/VIP/2019/M(Co-op)/TSm/Dev നമ്പർ ഉത്തരവ് പ്രകാരം നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | തൃശ്ശൂർ അഡാട്ട് ഫാർമേഴ്സ് ബാങ്കിൽ നിന്നും എടുത്ത വായ്പയുടെ കുടിശ്ശിക തീർക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ.അഷറഫ് കാളിയത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ സഹകരണ വകുപ്പ് മന്ത്രിയുടെ 08.03.2019-ലെ 7749/VIP/2019/M/Co-op/Tsm/Dev നമ്പർ നിർദ്ദേശപ്രകാരം ശ്രീ.അഷറഫ് കാളിയത്തിന്റെ വായ്പയിൽ നവ കേരളീയം കുടിശ്ശിക നിവാരണം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കാവുന്ന പരമാവധി ആനുകൂല്യങ്ങൾ നൽകുന്നതിന് ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ശ്രീ.അഷറഫ് കാളിയത്ത് മേൽ സഹകരണ ബാങ്കിൽ നിന്നും 5 ലക്ഷം രൂപയാണ് O.D/4/858/2002-2003 നമ്പറായി ഓവർ ഡ്രാഫ്റ്റ് വായ്പ എടുത്തിട്ടുള്ളത്. ബാങ്കിന്റെ ഉപനിബന്ധന പ്രകാരം 3 മാസം കൂടുമ്പോൾ പലിശ മുതലിനോട് ചേർക്കുന്നതാണ്. അതനുസരിച്ച് 31/12/2018 ലെ കണക്ക് പ്രകാരം 99,04,506/- രൂപയാണ് ബാക്കി നിൽപ്പുള്ളത്. ഈ വായ്പയിൽ 81,21,934/- രൂപ ഇളവ് നൽകാൻ സംഘംതല കമ്മിറ്റി തീരുമാനിച്ച് ജില്ലാതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ അനുമതിയ്ക്കായി അപേക്ഷിച്ചിട്ടുള്ളതാണ്. ഓവർ ഡ്രാഫ്റ്റ് വായ്പകൾ കുടിശ്ശിക നിവാരണം പദ്ധതിയിൽ പരിഗണിക്കുമ്പോൾ വായ്പയുടെ കാലാവധി കണക്കാക്കുന്നതിലും പലിശ കണക്കാക്കുന്നതിലും തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) വ്യക്തത ആവശ്യപ്പെട്ടുകയും |

| | |
|---|---|
| | സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക നിവാരണ പദ്ധതിയുടെ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനായി വിശദാംശങ്ങൾ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കുന്നതിന് അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ